# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**ജില്ല:തിരുവനന്തപുരം**

**ബ്ലോക്ക് :വാമനപുരം**

പഞ്ചായത്ത് :നെല്ലനാട്

വാർഡ് :  കാവറ

സോഷ്യൽ  ഓഡിറ്റ് പീരീഡ് :1/10/2018-31/3/2019

**റിപ്പോർട്ട് തയ്യാറാക്കിയത്**

**അഞ്ചിമ. എൻ.എസ്**

**റിസോഴ്സ് പേഴ്സൺ   വാമനപുരം ബ്ലോക്ക്**

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള _(MGNSASk)

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വാമനപുരം

പഞ്ചായത്ത് :നെല്ലനാട്

വാർഡ് : **11,** കാവറ

<u>ആമുഖം</u>

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുവാനായി **2005** സെപ്തംബർ **5-**ാം തിയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽ ഏർപ്പെടുവാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം **100** ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായി ആയിട്ടുള്ളതും ഉത്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവുമായി ബദ്ധപ്പെട്ടവിഭവ അടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ

ഉൾപ്പെടുത്തുകയും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

സവിശേഷതകൾ

1. നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി

2. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാവാം

3. സ്ത്രീയ്ക്കും പുരുഷനും തുല്യവേതനം

4 .പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

5. തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.

6. ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

7.കരാറുകാരോ ഇടനിലക്കാരോ ഇല്ല

8.പൊതു ജനപങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

9. ബാങ്ക് വഴിമാത്രം വേതന വിതരണം

10. സ്ത്രീകൾക്ക് മുൻഗണന

11. കംപ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

12. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു. പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന 17 (2) വകുപ്പ് നിഷ്കർഷിക്കുന്നു.പൊതു ധനം ചിലവഴിക്കുന്നതിനെ പറ്റിയും പദ്ധതി പ്രവർത്തനത്തെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ 2 തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും സത് ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു .പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നും സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്താൻ കഴിയുന്നു

2018 - 19 സാമ്പത്തിക വർഷത്തിൽ നെല്ലനാട് പഞ്ചായത്തിലെ കാവറ  വാർഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 3 പ്രവർത്തികൾ

ആണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി.

## <u>ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ</u>

1. Ld/334395 : കാവറ  വാർഡിലെ നീർച്ചാലിൽ പ്രദേശത്തെ മണ്ണ് ജലസംരക്ഷണം പ്രവർത്തികൾ

2.ld/245968 : സൊസൈറ്റി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

3.ld/253612 : കാവറ  വാർഡിലെ ക്ഷേത്രം പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

## <u>ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ</u>

കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

## <u>1. കവർ പേജ്</u>

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം കവർ പേജിൽ പഞ്ചായത്തിലെ വിവരങ്ങൾ ജില്ല, പ്രവർത്തി നടപ്പിലാക്കിയ വിവരങ്ങൾ,  അടങ്കൽ തുക, ആകെ ചെലവ്,  നടത്തിയ തീയതി മുതലായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച മൂന്ന്

ഫയലുകളിലും കവർപേജ് കാണാൻ സാധിച്ചില്ല.

## 2. ചെക്ക് ലിസ്റ്റ്

വർക്ക് ഫയൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവരുടെ പേജ് നമ്പർ രേഖപ്പെടുത്തുന്ന ചെക്ക് ലിസ്റ്റ് ഫയൽ സൂക്ഷിച്ചുവയ്ക്കാൻ ഉള്ളതാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിലും ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് കാണാൻ സാധിച്ചില്ല.

## 3. ആക്ഷൻ പ്ലാൻ

ഒരു ജനകീയ ഇടപെടലിനെ നേർസാക്ഷ്യം തെളിയിക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പി. ഗ്രാമസഭ നിർദ്ദേശിക്കുന്ന പ്രവർത്തികൾ സെൽഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണനാ അടിസ്ഥാനത്തിൽ അതായത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തികൾ തിരഞ്ഞെടുത്ത ആക്ഷൻ പ്ലാൻ തയ്യാറാക്കി നടത്തുക. പരിശോധനയ്ക്ക് വിധേയമാക്കി മൂന്ന് ഫയലുകളിലും ആക്ഷൻ പ്ലാൻ കോപ്പി ഇല്ലായിരുന്നു.

## 4. ഭരണാനുമതി

ഒരു വാർഡിൽ ഒരു വർഷം നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി നൽകുന്ന അനുമതിയാണ് ഭരണാനുമതി. പരിശോധിച്ച് 3 ഫയലുകളിലും ഭരണാനുമതി കാണാൻ സാധിച്ചു.

**5. സാങ്കേതിക അനുമതി**

മൂന്ന് ഫയലുകളിലും സാങ്കേതിക അനുമതി രേഖ ഉണ്ടായിരുന്നു എങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പോ സീലോ തീയതിയോ ഉണ്ടായിരുന്നില്ല.

**6. വിശദമായ എസ്റ്റിമേറ്റ്**

സാങ്കേതിക എസ്റ്റിമേറ്റ് പദ്ധതിയിൽ ഏറ്റെടുത്ത് ഓരോ പ്രവർത്തിക്കും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അധികാര സ്ഥാനത്തിനു അനുമതിയോടുകൂടി സാങ്കേതിക എസ്റ്റിമേറ്റ് ഉണ്ടായിരിക്കേണ്ടതാണ്. പരിശോധിച്ച് മൂന്ന് ഫയലുകളിലും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

**7. ഡ്രോയിംഗ് ആൻഡ് ഡിസൈൻ**

മൂന്ന് ഫയലുകളിലും കാണാൻ സാധിച്ചില്ല.

**8. ഡിമാൻഡ് ഫോം**

മൂന്നു ഫയലുകളിലും ഡിമാൻഡ് ഫോം കാണാൻ സാധിച്ചു.

**9. വർക്ക് അലോക്കേഷൻ ഫോം**

തൊഴിൽ ആവശ്യപ്പെട്ട് വർക്ക് തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോമാണ് വർക്ക് ലൊക്കേഷൻ ഫോം. പരിശോധിച്ച് 3 ഫയലുകളിലും വർക്ക് അലോക്കേഷൻ ഫോം കാണാൻ സാധിച്ചില്ല.

**10. മസ്റ്റ് റോൾ**

തൊഴിലുറപ്പ് പദ്ധതിയിലെ രേഖകളിൽ ഏറ്റവും പ്രധാനപ്പെട്ട രേഖയാണ് മസ്ട്രോൾ.പരിശോധിച്ചതിൽ ld/253612 എന്നാ ഫയലിൽ മസ്റ്ററോൾ നമ്പർ 34712-15 വരെ ഉള്ള മസ്ട്രോളിൽ മേറ്റ് ഒപ്പ് രേഖപെടുത്തിയിട്ടില്ല. മൂന്ന് ഫയലുകളിലും മസ്ട്രോൾ പരിശോധിച്ച ഉദ്യോഗസ്ന്റെ ഒപ്പോ സീലോ തീയതിയോ കാണാൻ സാധിച്ചില്ല.

**<u>11. എം ബുക്ക്</u>**

ഒരു പ്രവർത്തിയിൽ എന്ത് നടന്നു എത്ര അളവിൽ നടന്നു എന്നുള്ള കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ട സുപ്രധാന രേഖയാണ് എം. ബുക്ക് അതുകൊണ്ടുതന്നെ ഈ പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അവരുടെ പേരും ഒപ്പും സീലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ എം. ബുക്ക് ഉണ്ടായിരുന്നു.

**<u>12. മസ്ട്രോൾ മൂവ്മെന്റ് സ്ലിപ്പ്</u>**

പരിശോധിച്ച് 3 ഫയലുകളിൽ മസ്ട്രോൾ മൂവ്മെന്റ് ക്ലിപ്പ് കാണാൻ സാധിച്ചില്ല.

**<u>13. വെജ് ലിസ്റ്റ്</u>**

വേതനം കൃത്യമായി ലഭിക്കുന്നതിനുവേണ്ടി വേജ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധ

പുലർത്തിയിട്ടുണ്ട്.

**<u>14. എഫ് ടി ഒ</u>**

തൊഴിലാളികളുടെ വേതനം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു എന്നതിനുള്ള തെളിവ് എന്ന നിലയിലാണ് എഫ് ടി ഒ സൂക്ഷിച്ചിരിക്കുന്നത്. 3 ഫയലുകളിലും എഫ് ടി ഒ കാണാൻ സാധിച്ചില്ല.

**<u>15. റോയൽടി പെയ്മെന്റ്</u>**

പരിശോധനയ്ക്ക് വിധേയമാക്കിയ 3 ഫയലുകളിലും റോയൽ ടി പെയ്മെന്റ് കാണാൻ സാധിച്ചില്ല.

**<u>16. ത്രീ സ്റ്റേജ് ഫോട്ടോഗ്രഫി</u>**

തുടങ്ങും മുമ്പ്, നടന്നുകൊണ്ടിരിക്കുമ്പോൾ, പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഘട്ടത്തിലെ ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണം. പരിശോധിച്ച ഫയലുകളിൽ ത്രി സ്റ്റേജ് ഫോട്ടോഗ്രാഫി കാണാൻ സാധിച്ചില്ല.

**<u>17. ജിയോ ടാഗ് ഫോട്ടോകൾ</u>**

പ്രവർത്തി സ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ് ജിയോ ടാഗ് ഫോട്ടോകൾ. എന്നാൽ, പരിശോധനയ്ക്ക് വിധേയമാക്കിയ ഒരു ഫയലിലും ജിയോ ടാഗ് ഫോട്ടോകൾ കാണാൻ സാധിച്ചില്ല.

**<u>18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം</u>**

**<u>19.മെറ്റീരിയൽ  പ്രൊക്യുർമെൻറ് സ്റ്റേറ്റ്മെന്റ്</u>**

**20. മെറ്റീരിയൽ ബിൽ ആൻഡ് വൗച്ചർ**

എന്നീ രേഖകൾ 3 ഫയലിലും കാണാൻ സാധിച്ചില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

എ. എം. സി പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത് ഇപ്പോഴാണ്.

**22.സൈറ്റ് ഡയറി**

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വർക്ക് ഫയലിൽ സൂക്ഷിക്കേണ്ട ഇരുപത്തിരണ്ടാമത്തെ രേഖയാണ് സൈറ്റ് ഡയറി. പരിശോധനയ്ക്ക് വിധേയമാക്കിയ 3 ഫയലുകളിലും സൈറ്റ് ഡയറി കാണാൻ സാധിച്ചു.

**ഫീൽഡ് പരിശോധനയിൽ നിന്ന്**

1.Ld/253612 : കാവറ വാർഡിലെ ക്ഷേത്രം പ്രദേശത്ത് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ

17 പേരുടെ പുരയിടങ്ങളിൽ ആയാണ് ഈ പ്രവർത്തി പൂർത്തീകരിക്കുന്നത്. ഈ പ്രവർത്തിക്കു ചെലവായ തുക 286727.9/- രൂപ. സി ഐ ബി ക്ക് 3000/- രൂപയും പണി ആയുധ വാടക 4890/- രൂപയും എം ബുക്കിൽ രേഖപ്പെടുത്തി ഇരിക്കുന്നതായി കാണാൻ കഴിഞ്ഞു. ഈ പ്രവർത്തിയിൽ 53 മഴക്കുഴി 16 കമ്പോസ്റ്റ് കുഴി, 135 മീറ്റർ കല്ല് കയ്യാല , 300 മീറ്റർ ജൈവവേലി, മണ്ണ് കയ്യാല, തട്ട് തിരിക്കൽ, മണ്ണ് ബണ്ട്

എന്നിങ്ങനെയായിരുന്നു. എന്നാൽ ഫീൽഡിൽ 21 മഴക്കുഴി, 17 കമ്പോസ്റ്റ് കുഴി, എന്നിവ കാണാൻ സാധിച്ചു.m.ബുക്ക് പ്രകാരം 53 മഴക്കുഴികൾ വരേണ്ടതായിരുന്നു പക്ഷേ 21 മഴക്കുഴി കാണാൻ കഴിഞ്ഞുള്ളൂ ബാക്കി മഴക്കുഴിക്കു പകരമായി വാഴ കുഴി, ചേമ്പിൻ കുഴി, തെങ്ങിൻ കുഴി, എന്നിങ്ങനെ അധികം എടുത്തതായും കാണാൻ കഴിഞ്ഞു. മണ്ണ് ബണ്ടു എന്നിവ കാണാൻ സാധിച്ചു. 100 മീറ്റർ നീളത്തിലുള്ള ജൈവവേലി ഫീൽഡിൽ കാണാൻ സാധിച്ചില്ല അപ്പോഴുള്ള പൊതു നഷ്ടം = 3558.50/-

135 മീറ്റർ കല്ലുകെട്ട് കാണാൻ സാധിച്ചില്ല അപ്പോഴുള്ള പൊതു നഷ്ടം= 31213.15/-

2.Ld/245968 : സൊസൈറ്റി പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ.

14 പേരുടെ പുരയിടത്തിലാണ് ഈ പ്രവർത്തി നടന്നിരിക്കുന്നത്. എം ബുക്കിൽ ആകെ ചെലവായ തുക 286708/- രൂപയും ഡിസ്‌പ്ലേ ബോഡിനുവേണ്ടി 3000 രൂപയും പണിയായുധ വാടകയായി 4960 രൂപയും രേഖപ്പെടുത്തിയിരിക്കുന്നു 53 മഴക്കുഴി, 16 കമ്പോസ്റ്റ് കുഴി, 135 മീറ്റർ കല്ലു കെട്ട്, 300 മീറ്റർ ജൈവവേലി, മണ്ണ് കയ്യാല, മണ്ണ് ബണ്ട് എന്നിവയായിരുന്നു പ്രവർത്തികൾ. ഫീൽഡിൽ 53 മഴക്കുഴിയും, 15 കമ്പോസ്റ്റ് കുഴിയും കാണാൻ കഴിയും ഇതുകൂടാതെ വാഴ, ചേമ്പ്, തെങ്ങ് എന്നിവക്കുള്ള കുഴികൾ കാണാൻ സാധിച്ചു. ആശ

എന്ന് തൊഴിലാളിയുടെ വീട്ടിൽ 16.7 മീറ്റർ കല്ലുകെട്ട് കാണാൻ സാധിച്ചു. കയ്യാല മണ്ണുകൾ തുടങ്ങിയ പ്രവർത്തികളും കാണാൻ കഴിഞ്ഞു എന്നാൽ

300 മീറ്റർ ജൈവവേലി കാണാൻ സാധിച്ചില്ല. അപ്പോഴുള്ള പൊതു നഷ്ടം 3658 രൂപ 50 പൈസ 135 മീറ്റർ കല്ലുകെട്ട് രേഖപ്പെടുത്തിയതിൽ 16.7 മീറ്റർ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. ബാക്കി 118 മീറ്റർ കല്ലുകെട്ട് കാണാൻ കഴിഞ്ഞില്ല. അപ്പോഴുള്ള പൊതു നഷ്ടം 27250 രൂപ 92 പൈസ.

3.Ld/33 43 95: കാവറ വാർഡിലെ നീർച്ചാലിൽ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ

ഒൻപത് പേരുടെ പുരയിടങ്ങളിൽ ആയാണ് ഈ പ്രവൃത്തി പൂർത്തീകരിച്ച് ഇരിക്കുന്നത്. ഈ പ്രവൃത്തിക്ക് ചെലവായ ആകെത്തുക 154649 /- രൂപയും പണിയായുധം വാടക 2755 /-രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 53 മഴക്കുഴി, 16 കമ്പോസ്റ്റ്കുഴി, 135 മീറ്റർ കല്ല് കയ്യാല, 300 മീറ്റർ ജൈവവേലി , മണ്ണ് കയ്യാല, മണ്ണ് ബണ്ട്, തട്ട് തിരിക്കൽ എന്നീ പ്രവർത്തികളാണ് എം ബുക്കിൽ രേഖപ്പെടുത്തിയത്.ഫീൽഡിൽ ആകെ 13 മഴക്കുഴി 11 കമ്പോസ്റ്റ് കുഴിയും മാത്രമാണ് കാണാൻ സാധിച്ചത്. ഇവ കൂടാതെ വാഴ. തെങ്ങ്. ചെമ്പ് എന്നിവയ്ക്കുള്ള കുഴികളും ധാരാളമായി എടുത്തതായി കാണാൻ

കഴിഞ്ഞു. 300 മീറ്റർ ജൈവവേലി കാണാൻ കഴിഞ്ഞില്ല അപ്പോഴുള്ള പൊതു നഷ്ടം 3658 രൂപ 50 പൈസ.

135 മീറ്റർ കല്ലുകെട്ട് കാണാൻ കഴിഞ്ഞില്ല അപ്പോഴുള്ള പൊതു നഷ്ടം 31213 രൂപ 15 പൈസ

ആകെ പൊതു നഷ്ടം 100652 രൂപ 92 പൈസ

**കണ്ടെത്തലുകൾ**

1.Id/ 25 36 12 എന്ന പ്രവർത്തിയുടെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു മുദ്ര അപൂർണ്ണമാണ്.

2. ടാർപോളിൻ, കൈയുറ, കാലുറ, ഫസ്റ്റ് എയ്ഡ് ബോക്സ്, എന്നിവ ലഭ്യമായിട്ടില്ല. ഫസ്റ്റ് എയ്ഡ് ബോക്സ് വാങ്ങി സൂക്ഷിക്കുന്നത് ആയി മേറ്റ് പറയുകയുണ്ടായി അതിനായി ചിലവായ തുക തിരികെ കിട്ടിയില്ല.

3. 100 പണിപൂർത്തിയാക്കിയ തൊഴിലാളികൾ ആരും തന്നെ ഇല്ല.

4. എല്ലാവർക്കും പുതിയ തൊഴിൽ കാർഡ് ലഭിച്ചു. എന്നാൽ ആരും തന്നെ കാർഡ് ഉടമയുടെ ഒപ്പിടേണ്ട സ്ഥാനത്ത് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

5.ഭൂ ഉടമകളുടെ താൽപര്യത്തിന് അനുസരിച്ചാണ് മിക്ക പ്രവർത്തികളും ചെയ്തിരിക്കുന്നത്.

## സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള ഒരു ഉപാധിയാണ് സിഐ ബി. ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക, സാധന വേതന ഘടകങ്ങൾ, യഥാർത്ഥ ചിലവ്, തൊഴിൽദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഫീൽഡ് പരിശോധനയിൽ Id/ 25 36 12, Id/ 24 69 68 എന്നീ പ്രവർത്തികളുടെ സി ഐ ബി ആണ് കാണാൻ സാധിച്ചത്.Id/ 33 43 95 എന്ന പ്രവർത്തിയുടെ സി ഐ ബി ഫീൽഡിൽ കാണാൻ കഴിഞ്ഞില്ല. എല്ലാ പ്രവർത്തിക്കും സി ഐ ബി നിർബന്ധമായും വയ്ക്കേണ്ടതാണ്.

## തൊഴിൽ കാർഡ് പരിശോധന

തൊഴിലാളികളുടെ ആധികാരിക രേഖയാണ് തൊഴിൽകാർഡ്. ഒരു പ്രദേശത്ത് സ്ഥിരതാമസമാക്കിയ ഒരു കുടുംബത്തിന് തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശമുണ്ട് 18 വയസ്സ് തികഞ്ഞ അവ്യക്തത തൊഴിൽ ചെയ്യാൻ താല്പര്യമുള്ള ഏതൊരാൾക്കും ഈ പദ്ധതിയിൽ അംഗമാകാം. തൊഴിൽകാർഡ് സൗജന്യമായാണ് ലഭിക്കുന്നതു. തൊഴിൽ കാർഡ് തൊഴിലാളികളുടെ കൈവശമാണ്

സൂക്ഷിക്കേണ്ടത്.

കാവറ  വാർഡിൽ 252 ആക്ടീവ് തൊഴിൽകാർഡ് ആണ് ഉള്ളത്. പരിശോധിച്ച തൊഴിൽ കാർഡിൽ തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. . എല്ലാ തൊഴിൽകാർഡും  പുതിയതായിരുന്നു.

## വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി( ജാഗ്രതാ മേൽനോട്ട സമിതി)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അഥവാ ജാഗ്രതാ സമിതി. 2018- 19 മാസ്റ്റർ സർക്കുലർ അനുസരിച്ച് സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരും ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും വനിതകൾ ഉൾപ്പെടെ അഞ്ച് മുതൽ ഏഴ് വരെ അംഗങ്ങളടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വെച്ചാണ്. വാർഡ് തലത്തിൽ രൂപീകരക്കുന്ന ഈ  കമ്മറ്റിയിൽ അധ്യാപകർ, ആശ വർക്കേഴ്സ്,  സ്വയം സഹായ സംഘങ്ങൾ നിന്നും അതായത് അയൽക്കൂട്ടം കുടുംബശ്രീ,  ജോയിൻ ലൈബിലിറ്റി അംഗങ്ങൾ, യൂത്ത് അംഗങ്ങൾ, സിവിൽ സൊസൈറ്റി അംഗങ്ങൾ ഈ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടത്.

പ്രാതിനിധ്യ സ്വഭാവത്തോടെ കൂടി ജനങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഈ അംഗങ്ങളുടെ പ്രവർത്തന കാലാവധി ചുരുങ്ങിയത് ആറു മാസ കാലവും പരമാവധി ഒരു വർഷം വരെയും ആണ് തൊഴിൽ തുടങ്ങുമ്പോഴും പൂർത്തിയാകുമ്പോഴും ഈ സമിതിക്ക് പ്രവർത്തി പരിശോധിക്കാവുന്നതും തിരുത്തൽ നിർദ്ദേശങ്ങൾ യഥാസമയങ്ങളിൽ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കാവുന്നതുമാണ്.ഈ റിപ്പോർട്ടുകൾ വർക്ക് ഫയലിന്റെ ഭാഗമായി ഇരിക്കുന്നതും ഒരു കൺകറന്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റിൽ ഇത് സഹായകമാവുകയും ചെയ്യും.

## ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

1.തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2.ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3.തൊഴിൽ ആവശ്യപ്പെട്ടതും കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4.പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6.പരാതി രജിസ്റ്റർ

7. സാധന രജിസ്റ്റർ

ഈ 7 രജിസ്റ്ററുകളും പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നതായി കാണാൻ സാധിച്ചു. പരാതി രജിസ്റ്ററിൽ യാതൊരു പരാതിയും കാണാൻ സാധിച്ചില്ല.

**<u>നിർദ്ദേശങ്ങൾ</u>**

തൊഴിലാളികൾക്ക്:

1. തൊഴിലാളികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാർ ആവുകയും അവ കൃത്യമായി നേടിയെടുക്കാൻ ശ്രമിക്കുകയും വേണം.

2. നിയമ പ്രകാരം അനുവദനീയമായ അത്രയും തൊഴിൽ ദിനങ്ങൾ ചോദിച്ച് വാങ്ങേണ്ടതാണ്. ഇതിനായി തൊഴിൽ ഡിമാൻഡ് ചെയ്യുകയും അതിന് കൈപ്പറ്റ് തീയതി വച്ച് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.

3. തൊഴിലാളികൾ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതോടൊപ്പം ഉത്തരവാദിത്വത്തെ കുറിച്ചും ( കൃത്യസമയത്ത് ഹാജരായി ജോലി ചെയ്യുക, കൃത്രിമങ്ങളിൽ കൂട്ടുനിൽക്കാതെ ഇരിക്കുക

തുടങ്ങിയവ ) ബോധവാന്മാരാകണം.

4. തൊഴിലുറപ്പ് ഗ്രാമസഭയിൽ കൃത്യമായി പങ്കെടുത്തു പദ്ധതി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുക

5. തൊഴിലിനു അപേക്ഷിക്കുമ്പോൾ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുക

മേറ്റ് മാർക്ക്:

1. സൈറ്റ് ഡയറി, മസ്‌ട്രോൾ എന്നിവ കൃത്യമായി പൂരിപ്പിക്കണം. വെട്ടി തിരുത്തലുകൾ പാടില്ല.

2.തങ്ങൾക്ക് ലഭിച്ച പരിശീലനം അനുസരിച്ച് തൊഴിലാളികൾക്ക് തൊഴിലിനെ കുറിച്ച് വ്യക്തത നൽകണം.

3. തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിച്ചു തൊഴിലാളികൾക്ക് കൊടുക്കുക. യാതൊരു കാരണവശാലും മേറ്റുമാർ തൊഴിൽ കാർഡ് കയ്യിൽ സൂക്ഷിക്കാതിരിക്കുക.

4. പണിസ്ഥലത്ത് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പു വരുത്തുക.

5. സൈറ്റ് ഡയറിയിൽ മോണിറ്ററിനു എത്തുന്ന ഉദ്യോഗസ്ഥരെക്കൊണ്ട് ഒപ്പിടിപ്പിക്കണം.

ഉദ്യോഗസ്ഥർക്ക്:

1. വർക്ക് ഫയലിൽ സൂക്ഷിക്കേണ്ട 22 രേഖകൾ കൃത്യമായി സൂക്ഷിക്കണം. കേന്ദ്രസർക്കാർ

ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്. വർക്ക് ഫയലിലും ഏത് രേഖയിലും ഒപ്പിടുന്ന ഉദ്യോഗസ്ഥൻ അവരുടെ പേരും സ്ഥാനവും തീയതി രേഖപ്പെടുത്തണം.

3. പ്രവർത്തി സ്ഥലത്തെ പ്രവർത്തനരീതികൾ, തൊഴിലാളികളുടെ പ്രവർത്തനങ്ങളുടെ നിലവാരം, പ്രവർത്തനരീതി, പ്രവർത്തിസ്ഥലത്തെ ഭൂപ്രകൃതി, തുടങ്ങിയ കാര്യങ്ങൾ ഉദ്യോഗസ്ഥർ നിരീക്ഷിക്കേണ്ട ഒരു അടിസ്ഥാന ഘടകമാണ്.

ഗ്രാമപഞ്ചായത്തിനോട് :

1. കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തണം.

2. കാലാവസ്ഥയ്ക്ക് അനുസരിച്ച് വേണം പദ്ധതികൾ തിരഞ്ഞെടുക്കാൻ.

3. തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനും വിനിയോഗിക്കുന്നതും തുകയ്ക്കുള്ള നേട്ടം ഉണ്ടാകുന്നു എന്നും ഉറപ്പാക്കണം.

***<u>ചർച്ചയിൽ ഉയർന്നു വന്ന ചോദ്യങ്ങളും മറുപടികളും</u>***

1. സുധ : തൊഴിലില്ലായ്മ വേതനം ലഭ്യമാക്കണം

തൊഴിലിന് അപേക്ഷിച്ച് കിട്ടിയില്ല എങ്കിൽ മാത്രമേ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കാൻ കഴിയൂ.

2. പ്രിജില  മണി  : പുരയിടം കിളയൽ  പണിയായി തരണം.

തൊഴിലുറപ്പു പദ്ധതിയിൽ അങ്ങനെ പ്രവർത്തി ഇല്ല  മണ്ണ് ജലസംരക്ഷണം,  പാട്ടകൃഷി എന്നിവ മാത്രമേ ഉള്ളൂ.

3. ഷൈലജ : ജോലി കിട്ടുന്നില്ല.

മേറ്റു മാർക്ക് ട്രെയിനിങ് കൊടുത്തിട്ടുണ്ട് മറ്റ് വാർഡുകളിൽ അവർ തൊഴിൽ കണ്ടെത്തുന്നു. നിങ്ങളും തൊഴിൽ കണ്ടെത്തിയാൽ തൊഴിൽ ലഭിക്കും ഈ വർഷം സോഫ്റ്റ് പിറ്റ്,  കമ്പോസ്റ്റ് പിറ്റ് എന്നിവയെ ഉള്ളൂ അതിനുള്ള അപേക്ഷ നൽകിയാൽ തൊഴിൽ ലഭ്യമാക്കുകയും ചെയ്യും തുടർന്ന് മുൻഗണനാക്രമത്തിൽ തൊഴിൽ ലഭിക്കും.

4. ബേബി ഗിരിജ :  തൊഴിൽദിനം കുറവും ജോലി കൂടുതലും.

എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന പണികൾ മാത്രം ചെയ്യാൻ ശ്രമിക്കുക ഉടമകളുടെ ആവശ്യത്തിനനുസരിച്ച് പണികൾ ചെയ്യുന്നതുകൊണ്ടാണ് തൊഴിൽദിനം കുറവും ജോലി കൂടുതലായി അനുഭവപ്പെടുന്നത്.

5. സുജാത : തൊഴിലിന് നിർത്തുനില്ലാ.മേറ്റുമാർ നിർത്തുന്നില്ല.

സുജാതയെ തൊഴിലിന് നിർത്തരുതെന്ന്

പഞ്ചായത്തിൽ നിന്നും പറഞ്ഞിട്ടില്ല പ്രൊജക്റ്റ് മീറ്റിങ്ങിന് വരുകയും വേണം. എന്നിട്ടും നിർത്തിയില്ലെങ്കിൽ പഞ്ചായത്തിൽ അപേക്ഷ നൽകുക.

6. ബീന : മീൻവളർത്തൽ കുളം പണി കഴിഞ്ഞ ശേഷമേ പുരയിടം തരുകയുള്ളു എന്ന് പറഞ്ഞു കുളം കുഴിക്കുന്നത് കൃഷിയുടെ ആവശ്യത്തിനു വേണം.

മീൻ വളർത്താൻ കുളം വെട്ടണം എന്ന് മാറ്റിനി ക്ലാസ്സ് കൊടുത്തിട്ടില്ല വളർത്തണം എന്ന് നിർബന്ധമില്ല മീൻ വളർത്തണമെങ്കിൽ മീനിനെയും ഫിഷറിയിൽ നിന്നും ലഭ്യമാക്കാം.

7. ബേബി: ഫസ്റ്റ് എയ്ഡ് ബോക്സ് ലഭ്യമല്ല.

ആശാവർക്കർമാരുടെ കയ്യിൽ നിന്നും മേറ്റുമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

8. അംബിക: പ്രസിഡന്റിന്റെ വാർഡിൽ കര പണി ഉണ്ട് അവിടെ എന്നും പണിയുണ്ട്.

പ്രസിഡന്റിന്റെ വാർഡിൽ ഫാം പോണ്ട്, ആട്ടിൻ കൂട്, പശുത്തൊഴുത്ത് എന്നിങ്ങനെയുള്ള പണികളാണ് നടക്കുന്നത്. കര പണി ബ്ലോക്കിൽ എങ്ങും തന്നെ ചെയ്യുന്നില്ല.

9. ബാലചന്ദ്രൻ നായർ : കൂലി കിട്ടുന്നില്ല.

പഞ്ചായത്തിന്റെ ഭാഗത്തുനിന്നും എല്ലാ പേപ്പർ വർക്കുകളും 15 ദിവസത്തിനകം തന്നെ ചെയ്യുന്നുണ്ട്.

പക്ഷേ കൂലി സമയത്ത് ലഭ്യമാകാത്തത് കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് സമയത്ത് ലഭിക്കാത്തതിനാലാണ്.

വിശദമായ ചർച്ചകൾക്കും മറുപടികൾക്കും ശേഷം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ പാസാക്കുകയും ഓവർസിയർ വിവേക് സർ കൃതജ്ഞത ആശംസിച്ചു.

**ഉപസംഗ്രഹം**

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വിപ്പിക്കുന്നതിനും അതുവഴി സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ. വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർ ത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്ന തും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.